ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ,
വികാസ് ഭവൻപി.ഒ.,
തിരുവനന്തപുരം-33

നം.ബി6/9473/18

തീയതി: 02/05/2018.

# <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അക്കൗണ്ട്സ്-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിനുള്ള അധികാര പരിധി ഉയർത്തുന്നത് - സംബന്ധിച്ച്.

സൂചന:-ജി.ഒ.(എം.എസ്)നം.145/2017/H&FWD തീയതി 06/10/2017.

---

സൂചന കാണുക. ഈ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരായ പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർമാർ എന്നിവർക്ക് 50,000/- രൂപ വരെയുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ പരിശോധിച്ച് പാസ്സാക്കാവുന്നതും, 50,000/- രൂപ മുതൽ 2 ലക്ഷം രൂപ വരെയുള്ള അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ചതിന് ശേഷം പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർമാർ എന്നിവർക്ക് പാസ്സാക്കാവുന്നതുമാണ്. ആയതിനാൽ 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളും പലിശ രഹിത മെഡിക്കൽ വായ്പ അപേക്ഷകളും സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായുള്ള അപേക്ഷകളും മാത്രം ഈ ഓഫീസലേയ്ക്ക് അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അധികാര പരിധി സർക്കാർ ഹോസ്പിറ്റലിലെ ചികിത്സയ്ക്ക് മാത്രം ബാധകമാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:-എല്ലാ ഐ.ടി.ഐ/ബി.ടി.സി പ്രിൻസിപ്പാൾമാർക്കും/ആർ.ഐ.സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും.

//അംഗീകാരത്തോടെ//

DIRECTORATE OF TRAINING
Thiruvananthapuram-695033
LABOUR COMPLEX, VIKAS BHAVAN

സീനിയർ സൂപ്രണ്ട്

എസ്/2/5/18/